اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987, 0494 – 2400 530,

website : www.sksbvstate.com, Email: sksbvstate@gmail.com

SKSBV Circular No/09/2023-2024
18-07-2023

**സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.**

**മാന്യരേ, السّلام عليكم**

**ക്ഷേമമായിരിക്കട്ടെ , അതിനായി പ്രാർത്ഥിക്കുന്നു. നമ്മുടെ കർമങ്ങൾ സ്വീകരിക്കട്ടെ – ആമീൻ**

# ഹിജ്റ സന്ദേശ സംഗമം

പുതിയ ഒരു ഹിജ്റ വർഷത്തിലേക്ക് കടക്കുമ്പോൾ ആദ്യം ചിന്തിക്കാനുള്ളത് ഹിജ്റയെക്കുറിച്ച് തന്നെയാണ്. കാരണം മുഹർറമിൽ തുടങ്ങി ദുൽഹജ്ജിൽ അവസാനിക്കുന്ന കടന്നു വരുന്ന ഓരോ മാസങ്ങൾക്കും പ്രത്യേക ചരിത്രങ്ങൾ ഉണ്ടെങ്കിലും അതിന്റെയെല്ലാം പ്രതലം ഹിജ്റ തന്നെയാണ്. ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ ഹിജ്റ എന്ന അധ്യായം പഠിപ്പിക്കുന്ന കാര്യങ്ങൾ നമ്മുടെ മനസ്സിൽ ഉണ്ടെങ്കിൽ ഈ വർഷം മുഴുവനും നമുക്ക് ആത്മീയമായ ആനന്ദവും സന്തോഷവും അനുഭവിക്കാം. അത്രയും വലിയ ഒരു അദ്ധ്യായവും ചിന്താവിഷയവുമാണ് ഹിജ്റ. നബി (സ്വ) തന്റെ നാടായ മക്കയിൽ നിന്ന് മദീനയിലേക്ക് പോയി എന്ന ഒരൊറ്റ വാചകത്തിൽ അതിനെ ഒതുക്കുവാൻ കഴിയില്ല. പുതുവർഷത്തെ വരവേൽക്കുന്നതിന്റെ ഭാഗമായി മദ്റസകളിലെ എല്ലാ ക്ലാസുകളിലും താഴെ നൽകിയിരിക്കുന്ന മുഹർറം സന്ദേശം ഉസ്താദുമാർ കുട്ടികൾക്ക് പകർന്നു നൽകേണ്ടതാണ്.

## സന്ദേശം

നബി (സ്വ) യുടെ ജീവിതത്തിന്റെ ഓരോ ഏടും പോലെ തന്നെ ത്യാഗോജ്ജ്വലമായിരുന്നു അവരുടെ ഹിജ്റയും. മക്കയിൽ പരസ്യ പ്രബോധനം ആരംഭിച്ചതു മുതൽക്കു തന്നെ നബിക്ക് പീഡനങ്ങളേൽക്കേണ്ടി വന്നിട്ടുണ്ട്. ദിനങ്ങൾ കഴിയും തോറും ആക്രമണങ്ങളുടെ ശക്തിയും രീതിയും അധികരിച്ചുകൊണ്ടേയിരുന്നു. അനുയായികളെയാണ് ആദ്യം ശത്രുക്കൾ പീഡിപ്പിച്ചിരുന്നത്. അവർക്ക് നേരെയുള്ള പീഡനങ്ങൾ അസഹനീയമായ തലത്തിലേക്കുയർന്നപ്പോൾ അല്ലാഹുവിന്റെ അനുമതിയോടെ അവരോട് അബ്സീനിയയിലേക്ക് ഹിജ്റ പോകാൻ പറയുകയായിരുന്നു നബി (സ്വ). പിന്നെയും ഏഴോ എട്ടോ വർഷങ്ങൾ കഴിഞ്ഞു. പക്ഷെ, ശത്രുവിന്റെ മനസ്സ് കൂടുതൽ കഠിനമാവുകയായിരുന്നു. ഇതിനിടയിലാണ് നബി (സ്വ) യസ്രിബുകാരുമായി ഉടമ്പടി ചെയ്തതും സ്വഹാബിമാരോട് അങ്ങോട്ട് പോകാൻ ആവശ്യപ്പെട്ടതും. അങ്ങനെ സ്വഹാബിമാർ മദീനയിലേക്ക് ഹിജ്റ ആരംഭിച്ചു.

ഇസ്ലാമിലെ ഹിജ്റ ഒരു ഭീരുവിന്റെ ഒളിച്ചോട്ടമായിരുന്നില്ല. അത് ഒരു മഹാത്യാഗമായിരുന്നു. സ്വന്തം നാട്ടുകാരുടെ ശല്യം എല്ലാ അതിരും ലംഘിക്കുന്ന തരത്തിലേക്ക് ഉയരുമ്പോഴായിരുന്നു ആ പലായനം. അതിനാൽ ഹിജ്റയിലെ ചിത്രം തന്നെ ഉപദ്രവിക്കുന്നവരിൽ നിന്ന് സ്വയം മാറി നിൽക്കുന്ന നബി(സ്വ)യുടേതാണ്. അഥവാ, അവിടെ തന്നെ പിടിച്ചു നിന്ന് ശക്തി പ്രാപിച്ച് തിരിച്ചടിക്കാതെ എതിരാളികളിൽ നിന്ന് മാറി നിൽക്കുന്ന നബിയുടെ ചിത്രം. ആ ഹിജ്റ ഉണ്ടായിരുന്നില്ലായെങ്കിൽ മക്ക വലിയ കലാപ ഭൂമിയും ചോരക്കളവുമായി മാറുമായിരുന്നേനെ. ഇങ്ങനെ മാറിക്കൊടുത്തത് കൊണ്ട് ശത്രുത ഒരളവോളം കുറവുവരുത്താനായി. ഒപ്പം തന്നെ ശാന്തവും അനുകൂലവുമായ ഒരിടത്ത് മാറി നിന്ന് സാമൂഹ്യമായും മതപരമായും ശക്തി പ്രാപിച്ച് മക്കാ വിജയം എന്ന ഐതിഹാസികമായ ചരിത്രത്തിലേക്ക് നടന്നടുക്കാൻ വഴി തുറന്നതും ഈ ഹിജ്റയാണ്.

P.T.O

ഓരോ ഹിജ്റയുടെയും പൂർത്തീകരണങ്ങൾ പ്രധാനമായും രണ്ടു സന്ദേശങ്ങളാണ് നമ്മെ അറിയിക്കുന്നത്. ഒന്ന്, അടിച്ചമർത്തപ്പെട്ട ജനതയുടെ മോചനത്തിന്റെ സാധ്യത, മൂസാ നബി (അ)യുടെ ഹിജ്റയിലൂടെ ഇസ്റാഈൽ സമൂഹത്തെ അല്ലാഹു നേതാക്കന്മാരാക്കി മാറ്റിയത് ഇതിനുള്ള സാക്ഷ്യമാണ്. രണ്ട്, ധിക്കാരികളുടെയും അഹങ്കാരികളുടെയും നിന്ദ്യവും നികൃഷ്ടവുമായ അന്ത്യമെന്ന യാഥാർഥ്യം. ഫിർഔനിനെയും കൂട്ടാളികളെയും ചെങ്കടലിൽ മുക്കി നശിപ്പിച്ചതും നൂഹ് നബി (അ) യുടെ സമുദായത്തെ മഹാ പ്രളയത്താൽ നശിപ്പിച്ചു കളഞ്ഞതും ഇതിനുള്ള ഉദാഹരണങ്ങളാണ്.

ഹിജ്റ എന്ന പദത്തിന്റെ ക്രിയാരൂപമായ ഹാജറ എന്നത് കൊണ്ടർഥമാക്കുന്നത് നാടുവിട്ട് മറ്റൊരു നാട്ടിലേക്ക് പാലായനം ചെയ്യുക, അഭയാർത്ഥിയായി പോവുക എന്നൊക്കെയാണ്. അതോടൊപ്പം ഹിജ്റക്ക് ഒരു ആത്മത്യാഗത്തിന്റെ സന്ദേശം കൂടിയുണ്ട്. അത് അല്ലാഹു വിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം അകന്നുനിൽക്കുക എന്നതാണ്. ആ അർത്ഥവും ഒരു പുതിയ വർഷത്തിലേക്ക് കാലെടുത്തു വെക്കുമ്പോൾ നാം പരിഗണിക്കേണ്ടതുണ്ട്. ഈ വർഷം മുഴുവനും അല്ലാഹുവിന്റെ സംതൃപ്തിക്ക് സമർപ്പിക്കുവാൻ അത് അനിവാര്യമാണ്.

**ചേളാരി**
**18-07-2023**




**എന്ന്**
**ശാഫി ദ്വാരക (ഒപ്പ്)**
**ജനറൽ സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**

**************************************************************